**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3518** **05-08-2021 - ൽ മറുപടിയ്ക്ക്**

**ട്രഷറികളിലെ സോഫ്റ്റ്‌വെയർ തകരാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ട്രഷറികളിലെ സോഫ്റ്റ്‌വെയർ സ്ഥിരമായി തകരാറിലാകുന്ന കാര്യം പരിശോധിക്കുമോ; നിലവിലെ സോഫ്റ്റ്‌വെയർ തയ്യാറാക്കി നൽകിയത് ആരാണെന്നും സോഫ്റ്റ്‌വെയർ മെയിന്റനൻസിന്റെ ചുമതല ആർക്കാണെന്നും അറിയിക്കുമോ; ഇതിനായി പണം നൽകിയിട്ടുണ്ടോ; എങ്കിൽ നൽകിയ തുക എത്രയെന്ന് അറിയിക്കുമോ; ; | (എ) | സംസ്ഥാനത്തെ ട്രഷറിയിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിന് നിലവിൽ തകരാറുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. ട്രഷറി ഇടപാടുകൾ ഉൾപ്പെടെ സർക്കാരിന്റെ എല്ലാ സാമ്പത്തിക ഇടപാടുകളും നടത്തുന്നത് Integrated Financial Management System (IFMS) ഉൾപ്പെട്ട സോഫ്റ്റ് വെയർ മുഖേനയാണ്. ഈ സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളതും പരിപാലിക്കുന്നതും കേന്ദ്ര സർക്കാർ സ്ഥാപനമായ National Informatics Centre (NIC) ആണ്. ട്രഷറി സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനായി നാളിതുവരെ 1,76,80,000 രൂപ NIC യ്ക്ക് നൽകിയിട്ടുണ്ട്. |
| (ബി) | ട്രഷറി ഡയറക്ടറേറ്റിലെ സോഫ്റ്റ്‌വെയർ ചുമതല ആർക്കാണ്; ട്രഷറി വകുപ്പിലെ സാങ്കേതിക പരിജ്ഞാനം ഉള്ള ഒരു ടീമിനെ ഉണ്ടാക്കി സോഫ്റ്റ്‌വെയർ പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ട്രഷറി വകുപ്പിലെ കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധപ്പെട്ട ദൈനംദിന സാങ്കേതിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് വകുപ്പിലെ തന്നെ സാങ്കേതിക വിഭാഗമായ Information System Management Cell (ISMC) ആണ്. പ്രസ്തുത വിഭാഗത്തിന്റെ ചുമതല ചീഫ് കോ-ഓർഡിനേറ്റർ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ എന്നിവർക്കാണ്. സംസ്ഥാനത്ത് സർക്കാർ വകുപ്പുകളിൽ ആദ്യമായി Virtual IT കേഡർ രൂപീകരിച്ചത് ട്രഷറി വകുപ്പാണ്. സാങ്കേതികവും അനുഭവ പരിജ്ഞാനവുമുള്ള ജീവനക്കാരെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകിയാണ് Virtual IT കേഡറിലേയ്ക്ക് നിയോഗിച്ചിട്ടുള്ളത്. സോഫ്റ്റ് വെയർ സംബന്ധമായ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നത് NIC – യാണ്. |
| (സി) | നിലവിൽ സംസ്ഥാനത്തെ ട്രഷറി നിക്ഷേപം എത്രയാണെന്ന് അറിയിക്കുമോ; ഇതിൽ സ്ഥിരനിക്ഷേപ ഇനത്തിൽപ്പെട്ട, നിക്ഷേപകർ ട്രഷറിയെ സമീപിക്കാത്ത എത്ര അക്കൗണ്ടുകൾ ഉണ്ടെന്ന് അറിയിക്കുമോ; ; ഇത്തരത്തിലുള്ള | (സി) | നിലവിലെ ട്രഷറി നിക്ഷേപം 48,445.39 കോടി രൂപയാണ്. കാലാവധി പൂർത്തിയായ സ്ഥിര നിക്ഷേപം പുതുക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നില്ല. നിക്ഷേപം |

| | | | |
|---|---|---|---|
| | അക്കൗണ്ടുകളായി ആകെ എത്ര കോടി രൂപ ട്രഷറിയിലുണ്ടെന്ന് അറിയിക്കുമോ; ഇതിന്റെ മുതലും പലിശയും സംബന്ധിച്ച വിവരം തരംതിരിച്ച് ലഭ്യമാക്കുമോ; | | എത്ര കാലം കഴിഞ്ഞതിനു ശേഷവും മുൻകാല തീയതി വെച്ച് പുതുക്കാവുന്നതാണ്. ആയതുകൊണ്ടുതന്നെ നിക്ഷേപകർ ട്രഷറിയെ സമീപിക്കാത്ത അക്കൗണ്ടുകൾ എത്രയെന്നുള്ളത് പ്രസക്തമല്ല. |
| (ഡി) | സ്ഥിരനിക്ഷേപകർ ട്രഷറിയെ സമീപിക്കാത്ത കേസുകളിൽ അവരുടെ അവകാശികളെ കണ്ടെത്തുവാൻ നടപടി സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | നിക്ഷേപം കാലാവധി പൂർത്തിയാകുമ്പോൾ ഇതു സംബന്ധിച്ച് നിക്ഷേപകർക്ക് നോട്ടീസ് അയയ്ക്കുന്നതാണ്. നിക്ഷേപകൻ മരണപ്പെടുകയാണെങ്കിൽ അവകാശികൾക്ക് നിക്ഷേപ തുക കൈപ്പറ്റുവാൻ സമയപരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ